**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5198** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ നിന്ന് കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് പട്ടയം ലഭിച്ചുവെന്നും വില്ലേജ് തിരിച്ച് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 221 ദേവസ്വം പട്ടയങ്ങളുടെയും, 927 ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങളുടെയും അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 178 ദേവസ്വം പട്ടയങ്ങളും, 853 ലാന്റ് ട്രൈബ്യൂണൽ പട്ടയങ്ങളും അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ കൈവശ അവകാശത്തിന്റെ അടിസ്ഥാനത്തിൽ ഭൂപതിവ് ചട്ടപ്രകാരം 107 പട്ടയങ്ങൾ കൂടി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ഇനിയും പട്ടയം ലഭിക്കാനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (ബി) | ബാക്കിയുള്ള പട്ടയ അപേക്ഷകളിൽ സംസ്ഥാന സർക്കാരിന്റെ മൂന്നാം പട്ടയമിഷനോടനുബന്ധിച്ച് 2023 ഏപ്രിൽ 30 നുമുൻപ് അർഹരായ എല്ലാവർക്കും പട്ടയം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ